# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/73/2017 <u>പത്രക്കുറിപ്പ്</u> 2017 ഏപ്രിൽ 4

**പരീക്ഷാതീയതി**

ഡിപാർട്ടുമെന്റിലെ ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്‌സി. (2016 അഡ്മിഷൻ റഗുലർ), അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്‌സി. (പുതിയ സ്കീം 2009 മുതലുള്ള അഡ്മിഷൻ-റഗുലർ/സപ്ലിമെന്ററി/ഡിപാർട്ടുമെന്റുകളിലെ 2015 അഡ്മിഷൻ വരെയുള്ള സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 25 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ് (2013 & 2014 – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 19 ന് ആരംഭിക്കും.

**ബി.ടെക്/ബി.ആർക് പരീക്ഷകൾ**

2017 മെയ് മാസം നടത്തുന്ന ബി.ടെക് & ബി. ആർക് (പുതിയ സ്കീം/പഴയ സ്കീം/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 18 വരെയും അപേക്ഷിക്കാം. സി. വി. ക്യാമ്പ് ഫീസായി സെമസ്റ്ററൊന്നിനു റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ 50 രൂപ (പരമാവധി 200) പരീക്ഷാഫീസിനു പുറമേ അടക്കണം. എട്ടാം സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും അടക്കണം. 2008 അഡ്മിഷൻ മേഴ്സിചാൻസ് വിദ്യാർത്ഥികൾ 5000 രൂപയും, 2007 അഡ്മിഷൻ മേഴ്സിചാൻസ് വിദ്യാർത്ഥികൾ 7000 രൂപയും, ഫൈനൽ മേഴ്സിചാൻസ് വിദ്യാർത്ഥികൾ 10000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ, മെയിൻ പ്രൊജക്ട്, വൈവ**

പത്തനംതിട്ട യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ 2016 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 7 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്‌സി. ഐ.റ്റി ഡിഗ്രി പരീക്ഷകളുടെ ലാബ് എക്സാം - മെയിൻ പ്രൊജക്ട്, കോഴ്സ് വൈവ എന്നിവ ഏപ്രിൽ 10 ന് കോന്നി വി.എൻ.എസ് ആർട്സ് & സയൻസ് കോളേജിലും, ഏപ്രിൽ 10 മുതൽ 12 വരെ ഇടകൊച്ചി സിയന്ന കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എ സോഷ്യോളജി (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) മാർച്ച് 2017 പരീക്ഷകളുടെ പ്രൊജക്ട് ഇവാല്യുവേഷനും വൈവാ-വോസിയും ഏപ്രിൽ 18 ന് തേവര എസ്.എച്ച് കോളേജിലും 19 ന് കോട്ടയം ബി.സി.എം കോളേജ്, കോതമംഗലം എം. എ. കോളേജ് എന്നീ കേന്ദ്രങ്ങളിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്-റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 18 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്സി. മാത്സ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 18 വരെ സ്വീകരിക്കും.

**പി. ജി മൂല്യനിർണയം : ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കണം.**

മൂന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ (സി.എസ്.എസ്) പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിനായി ലഭിച്ചിട്ടുള്ള അധ്യാപകർ ഏപ്രിൽ 7 ന് മുൻപായി മൂല്യനിർണയം പൂർത്തിയാക്കി ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കേണ്ടതാണ്.

**അക്കാദമിക് കൗൺസിൽയോഗം**

മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റെ യോഗം മെയ് 6 ന് രാവിലെ 10 മണിക്ക് ഭരണവിഭാഗം സെനറ്റ് ഹാളിൽ വച്ച് നടത്തും. യോഗത്തിൽ അവതരിപ്പിക്കനുള്ള പ്രമേയങ്ങൾ ഏപ്രിൽ 15 ന് മുൻപായി രജിസ്ട്രാർക്കു സമർപ്പിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**